**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4357** **18-03-2025 - ൽ മറുപടിയ്ക്ക്**

**സൗജന്യ നിരക്കിൽ വൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സൗജന്യ നിരക്കിൽ വൈദ്യുതി വിതരണം ചെയ്യുന്ന കെ.എസ്.ഇ.ബി. പദ്ധതിയുടെ ഗുണഭോക്താക്കളായി അനർഹർ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി നിരക്കിൽ ഇളവുകൾ ആവശ്യപ്പെടുന്ന ഉപഭോക്താക്കളുടെ രേഖകൾ പരിശോധിച്ചും, അവയുടെ ആവശ്യകത സാക്ഷ്യപ്പെടുത്തി ടി ഗുണഭോക്താക്കൾക്ക് വൈദ്യുതി നൽകുന്ന നടപടി ക്രമങ്ങൾ കെ.എസ്.ഇ.ബി.എൽ. പുറപ്പെടുവിച്ചിട്ടുണ്ട്. മീറ്റർ റീഡിങ് എടുക്കുന്ന വേളയിൽ അനുവദനീയമായ യൂണിറ്റിൽ കൂടുതൽ ഉപയോഗിക്കുന്നുണ്ടോ എന്നും, കണക്ടഡ് ലോഡ് വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നും പരിശോധിച്ച് ഉറപ്പുവരുത്തുകയും, ക്യാൻസർ രോഗികൾ കൂടാതെ ലൈഫ് സപ്പോർട്ടിംഗ് സിസ്റ്റം ഉപയോഗിക്കുന്ന രോഗികൾ എന്നീ വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കളിൽ നിന്നും ആറു മാസത്തിലൊരിക്കൽ മെഡിക്കൽ സർട്ടിഫിക്കറ്റ് പരിശോധിച്ച് ഉറപ്പുവരുത്തുക തുടങ്ങിയ നടപടികൾ സെക്ഷൻ തലത്തിൽ സ്വീകരിക്കാറുണ്ട്. |
| (ബി) | പരിശോധനകളുടെ അടിസ്ഥാനത്തിൽ അനർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | ചില ഇടങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. വൈദ്യുതി നിരക്കിൽ ഇളവുകൾ ആവശ്യപ്പെടുന്ന ഉപഭോക്താക്കളുടെ വിശദാംശങ്ങൾ ഫീൽഡ് തലത്തിൽ പരിശോധിക്കാനും ന്യൂനതകൾ കണ്ടെത്തിയാൽ അവ സമയബന്ധിതമായി പരിഹരിക്കുകയും ചെയ്തുവരുന്നു. കൂടാതെ നോൺ paying ഗ്രൂപ്പ് വിഭാഗത്തിൽ അനർഹർ ഉൾപ്പെട്ടാൽ ഉപഭോഗം ക്രമാതീതമായി വർദ്ധിക്കുന്ന പക്ഷം പ്രസ്തുത കണക്ഷനുകളുടെ ആനുകൂല്യം ഒഴിവാക്കുന്ന നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) | എന്തൊക്കെ മാനദണ്ഡങ്ങൾ പാലിക്കുന്നവർക്കാണ് മേൽപ്പറഞ്ഞ കെ.എസ്.ഇ.ബി. പദ്ധതി പ്രകാരം സൗജന്യ നിരക്കിൽ വൈദ്യുതി നൽകുന്നത്; വിശദമാക്കാമോ? | (സി) | താഴെപ്പറയുന്ന ഉപഭോക്താക്കൾക്കാണ് വൈദ്യുതി സൗജന്യമായി നൽകി വരുന്നത്.<br><br>1) 500 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള പ്രതിമാസം 30 യൂണിറ്റ് വരെ ഉപയോഗമുള്ള സാമൂഹികമായും സാമ്പത്തികമായും |

പിന്നോക്കാവസ്ഥയിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി വൈദ്യുതി സൗജന്യമായാണ് നൽകി വരുന്നത്.

2) നിലവിൽ 50 യൂണിറ്റ് വരെ ഉപയോഗിക്കുന്നതും ആയിരം വാട്സ് വരെ കണക്ടഡ് ലോഡ് ഉള്ളതുമായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് യൂണിറ്റ് ഒന്നിന് 1.50 രൂപ നിരക്കിലാണ് ഗവൺമെന്റ് സബ്സിഡി നൽകി വൈദ്യുതി നൽകി വരുന്നത്. ഇതിന് പുറമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബമാണെന്നുള്ള സാക്ഷ്യപത്രം ആവശ്യമാണ്.

3) ജീവൻരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്ന രോഗികൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി, വൈദ്യുതി സൗജന്യമായി നൽകി വരുന്നു. ഇതിലേക്കായി ഗവൺമെന്റ് മെഡിക്കൽ പ്രാക്ടീഷണറുടെ സർട്ടിഫിക്കറ്റ് ആവശ്യമായിട്ടുണ്ട്.

4) എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പ്രതിമാസം 150 യൂണിറ്റ് വരെ 1.5 രൂപാ നിരക്കിലും, കാൻസർ ബാധിച്ചതോ സ്ഥിരമായ അംഗവൈകല്യം സംഭവിച്ചതോ (40 ശതമാനമോ അതിൽ കൂടുതലോ) ആയ അംഗങ്ങൾ ഉള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുബങ്ങൾക്ക് പ്രതിമാസം 100 യൂണിറ്റ് വരെ 1.50 രൂപ നിരക്കിൽ വൈദ്യുതി നൽകി വരുന്നു. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് റവന്യൂ അധികാരികളിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള സാക്ഷ്യപത്രം ഈ ആവശ്യത്തിലേക്കായി ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. സ്ഥിരമായ അംഗവൈകല്യമുള്ളവരുടെ കാര്യത്തിൽ, മെഡിക്കൽ പ്രാക്ടീഷണർമാരിൽ നിന്ന് ഉള്ള സാക്ഷ്യപത്രം ആവശ്യമാണ്. ക്യാൻസർ രോഗികളുടെ കാര്യത്തിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ ആവശ്യമാണ്. ഇതിനു പുറമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബമാണെന്നുള്ള സാക്ഷ്യപത്രവും ആവശ്യമായിട്ടുണ്ട്.

5) ലോ ടെൻഷൻ വിഭാഗത്തിൽപ്പെടുന്ന കാർഷിക ഉപഭോക്താക്കൾക്ക് യൂണിറ്റിന് 85 പൈസ നിരക്കിലാണ് സബ്സിഡി നൽകി വരുന്നത്. ഇതിനുപുറമെ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഭൂപരിധി ഉള്ള കാർഷിക ഉപഭോക്താക്കൾക്ക് കൃഷിഭവൻ മുഖേന വൈദ്യുതി സൗജന്യമായാണ് നൽകി വരുന്നത്. നെൽകൃഷിക്ക് പരിധിയില്ലാതെയും മറ്റുവിളകൾക്ക് ഏറ്റവും കുറഞ്ഞത് 30 സെന്റും, (അതിൽ 75% എങ്കിലും കൃഷിക്ക്

| | | | |
|---|---|---|---|
| | | | ഉപയുക്തമായിരിക്കണം) പച്ചക്കറി കൃഷിക്ക് 10 സെന്റും, വെറ്റില കൃഷിക്ക് അഞ്ച് സെന്റും ആണ് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ ഭൂപരിധി. സൗജന്യ വൈദ്യുതി ലഭ്യമാകുന്നതിന് കൃഷിഭവൻ ഓഫീസർ നൽകുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം.<br><br>സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വരുന്നു.<br><br>മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് ഡിസംബർ 2024 വരെ 79.45 കോടി രൂപ ചെലവഴിച്ച് 68732 കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br><br>മേൽ വിഭാഗത്തിലുള്ള ബി.പി.എൽ അപേക്ഷകർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാൻ 50 കോടി രൂപ 2018-2022 കാലയളവിലേക്കായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ടിൽ വകയിരുത്തിയിരുന്നു. ഈ തുക ഉപയോഗിച്ച് തീർന്നതിനാൽ വീണ്ടും 50 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ടിൽ വകയിരുത്തിയിരുന്നു. 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പ് വരുത്തുന്നതിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനിതാശിശു വികസന വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 937 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കിയിരുന്നു. ഇവയിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനായി നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനതു ഫണ്ടിൽ നിന്നും 22.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ